## ഭാഗം - രണ്ട്
## മാർഗ്ഗം കളിപ്പാട്ട്

# സമ്പാദനം, പ്രസിദ്ധീകരണം

മധ്യതിരുവിതാംകൂറിലെ ക്നാനായ ക്രിസ്ത്യാനികൾ പാടിവന്നിരുന്നി കല്യാണപ്പാട്ട്, പള്ളിപ്പാട്ട്, വട്ടക്കളിപ്പാട്ട്, മാർഗ്ഗംകളിപ്പാട്ട് എന്നിവ പുത്തൻപുരയ്ക്കൽ ഉതുപ്പ് ലൂക്കാസ് സമ്പാദനം ചെയ്തിട്ടുണ്ട്. 1910-ൽ കോട്ടയത്തെ കാത്തലിക് മിഷൻ പ്രസ്സ് “മലയാളത്തെ സുറിയാനി ക്രിസ്ത്യാനികളുടെ പുരാതനപ്പാട്ടുകൾ” എന്ന പേരിൽ ആ പാട്ടുകളെല്ലാം ചേർത്ത് പ്രസിദ്ധീകരിക്കുകയും ചെയ്തു. ഈ ഗാനശേഖരണത്തിന് ലൂക്കാസിന് പ്രേരണയും പ്രോത്സാഹനവും നല്കിയത് ചരിത്രപണ്ഡിതനും സമുദായ സ്നേഹിയുമായ വട്ടക്കളത്തിൽ മത്തായിക്കത്തനാരായിരുന്നു. പുരാതനപ്പാട്ടുകൾ എന്ന പേരിലറിയപ്പെടുന്ന കൃതി ക്രൈസ്തവഗാനങ്ങളുടെ വിപുലമായ ഒരു ശേഖരണമാണ്.

കുറുംമ്പം വീട്ടിൽ കെ.എൻ. ഗോപാലപിള്ള (കേരളമഹാചരിത്രം, പുറം 212-213, 1946) മാടശ്ശേരി മാധവവാര്യർ (നമ്മുടെ പാട്ടുകൾ, പുറം 137-155, 1968), വി. ആനന്ദക്കുട്ടൻ നായർ (കേരള ഭാഷാഗാനങ്ങൾ, വാല്യം 2, പുറം 67-69, 1973) എന്നിവർ മാർഗ്ഗംകളിപ്പാട്ട് പൂർണമായും പുനഃപ്രകാശനം ചെയ്തിട്ടുണ്ട്. ചുമ്മാർ ചൂണ്ടൽ ഒഴിച്ച് മറ്റാരും തന്നെ പാട്ടിന്റെ സമ്പാദകനായ പി.യു. ലൂക്കാസിന്റേയോ പ്രസിദ്ധീകരണ സ്ഥാപനത്തിന്റേയോ പേരുപോലും ഒരിടത്തും പരാമർശിക്കുകപോലും ചെയ്തിട്ടില്ലെന്ന വസ്തുത രേഖപ്പെടുത്തട്ടെ.

## രംഗപാഠം

ഇവിടെ പ്രസിദ്ധീകരിക്കുന്ന പാട്ട് കളിയുടെ രംഗപാഠമാണ്. അവതരണസമയം, സദസ്സ്, സംഗീതം, നൃത്തവിന്യാസം എന്നിവയെ ആസ്പദമാക്കി ലൂക്കാസിന്റെ പാഠത്തെ ജതികൾ കൂട്ടിച്ചേർത്ത് ചിട്ടപ്പെടുത്തിയിരിക്കുന്നു. കളിയാശാന്മാരും ഇത്തരത്തിൽ പ്രായോഗിക സൗകര്യങ്ങളെ കണക്കിലെടുത്താണ് കളി അവതരിപ്പിക്കാറുള്ളത്.

1. യുവജനോത്സവം. സർവ്വകലാശാല മത്സരങ്ങൾക്ക് പത്തു മിനിറ്റ് സമയം മാത്രം അനുവദിച്ചിട്ടുള്ളതുകൊണ്ട് നീളം കൂടിയ

ചില പാദങ്ങളിലെ ചില വരികൾ രംഗപാഠത്തിൽ നിന്ന് നീക്കം ചെയ്തിട്ടുണ്ട്.

2. രംഗപാഠം. ചിട്ടപ്പെടുത്തിയതിൽ മൗലിക ഘടകം സംഗീതമാണ്. വരികൾ മുറിച്ച് ചേർത്തിട്ടുള്ളത് അപ്രകാരത്തിലാണ്.

3. പാട്ടും ആട്ടവും പദാർത്ഥാഭിനയവുമുള്ള അവതരണശൈലിക്കു നൃത്തവിന്യാസത്തിന്റെ പ്രത്യേകതകൾ മനസ്സിലാക്കാൻവേണ്ടി കലാശങ്ങൾ കൃത്യമായി ചേർത്തിട്ടുണ്ട്.

4. പുരാതനപ്പാട്ടുകളിലെ മാർഗ്ഗംകളിപ്പാട്ട് മാത്രമാണ് കളിയുടെ പാട്ടു സാഹിത്യം

## പ്രാഥമിക ചുവടുകൾ

**1. കച്ചപ്പദം**

വായ്ത്താരി:- തിത്തത്തത്താ തിത്തത്തെയ്
തെയ് തെയ് തത്ത തെയ് തെയ്തത്ത
തെയ്തെയ് തത്ത തെയ് തെയ്താം
തത്തത്തിമി തിമി തത്തത്താം
തത്ത ത്തിമി തിമി തത്ത ത്തിമിതിമി
തത്ത ത്തിമി തിമി തത്തത്താം.

**2. ഇരട്ടിപ്പദം**

വായ്ത്താരി:- തെയ് ഇതതോ തോം തെയ് ഇതാം - തീ-
ത്തെയ് ഇതതോ തോം തെയ് ഇതാം.

**3. മുക്കണ്ണി**

വായ്ത്താരി:- തോം തിന്ത, തിന്തയ്ക്കതോ

**4. തിന്തകതിന്തത്തെയ്**

വായ്ത്താരി:- തിന്തക തിന്തത്തെയ്
തെയ് തെയ് തക തെയ്യത്തെയ്
കർകു താക തെയ്യത്തെയ്
കർകു തരികിട തിമൃതത്തെയ്

